(സി) തൃശ്ശൂർ ജില്ലയിൽപ്പെട്ട കോൾ നിലങ്ങളെല്ലാം തൃശ്ശൂർ കോൾ വികസന ഏജൻസിക്ക് കീഴിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പൊന്നാനി കോൾ വികസന ഏജൻസിക്ക് കീഴിലുള്ള തൃശ്ശൂർ ജില്ലയിലെ പ്രദേശങ്ങൾ തൃശ്ശൂർ ജില്ലാ കോൾ വികസന ഏജൻസിക്ക് കീഴിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളാണ് പൊന്നാനി കോൾ വികസന ഏജൻസിയുടെ കീഴിൽ വരുന്നത്.

(ബി) ഈ പ്രദേശത്ത് നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

(സി), (ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ രണ്ടാംഘട്ട കോൾ വികസന പദ്ധതി

124 [2023] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ രണ്ടാംഘട്ട കോൾ വികസന പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച പദ്ധതി നബാർഡിന് സമർപ്പിച്ചിട്ടുണ്ടോ ; പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) നബാർഡിൽ നിന്നും, ഒന്നാംഘട്ട പദ്ധതിക്കായി വകിച്ച സംഖ്യ എത്രയാണെന്നും, ചെലവാക്കിയ തുക എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ കോൾ വികസന പദ്ധതി വഴി നടപ്പിലാക്കിയ പ്രവർത്തികളുടേയും വിനിയോഗിച്ച ഫണ്ടിന്റെയും ഒരു വിവരശേഖരണം നടത്തിയതിനുശേഷം രണ്ടാംഘട്ട വികസനത്തിനുള്ള സഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതാണ്.

(ബി) നബാർഡിൽ നിന്നും ഒന്നാംഘട്ട പദ്ധതിക്കായി 15.27 കോടി രൂപ വകിച്ചിട്ടുണ്ട് (റീ ഇംപേഴ്സ്മെന്റായി ലഭ്യമായത്) ഒന്നാം ഘട്ടം പ്രവർത്തികൾക്കായി 37.70 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

മലബാർ മാർക്കറ്റ് കമ്മിറ്റി പെൻഷണർമാരുടെ പ്രശ്നങ്ങൾ

125 [2024] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മാർക്കറ്റ് കമ്മറ്റി പെൻഷണർമാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly